സ.ഉ.(എംഎസ്.) 21/2009/ഭവനം പ്രകാരം 25,002 പേരുടെയും, 8-11-2011-ലെ സ.ഉ.(എംഎസ്.) നം.34/2011/ഭവനം പ്രകാരം മൈത്രീഭവന പദ്ധതിയുടെ വായ്പാ ഗഡുക്കൾ പൂർണ്ണമായും കൈപ്പറ്റിയ 38,384 ഗുണഭോക്താക്കളുടെ വായ്പയും എഴുതിത്തള്ളുകയുണ്ടായി. ഈ വായ്പകൾ പൂർണ്ണമായും എഴുതിത്തള്ളിയിട്ടുള്ളതിനാൽ ഗഡുക്കൾ അനുവദിക്കേണ്ടതായി വന്നിട്ടില്ല. വിവിധ ജില്ലകളിൽ നടത്തിയ അദാലത്തുകൾ മുഖാന്തിരം 631 പേരുടെ വായ്പാ കുടിശ്ശിക ഭാഗികമായി എഴുതിത്തള്ളുകയുണ്ടായി.

## സംസ്ഥാനത്തെ ഭവന പദ്ധതികൾക്കുള്ള ധനവിനിയോഗം

213 (3874) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് നിലവിൽ നടപ്പാക്കിവരുന്ന ഭവനപദ്ധതികളിൽ 2014-15 സാമ്പത്തികവർഷത്തിൽ ഓരോ പദ്ധതികൾക്കുമായി എത്ര തുകവീതം അനുവദിച്ചിട്ടുണ്ട് ; വിശദാംശം നൽകുമോ ?

### ഉത്തരം

2014-15 സാമ്പത്തിക വർഷത്തെ ബജറ്റിലൂടെ ഭവന നിർമ്മാണ ബോർഡിന് പ്ലാൻ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള തുകയുടെ വിശദ വിവരങ്ങൾ താഴെപ്പറയുന്നു :

1. ഗൃഹശ്രീ ഭവന പദ്ധതി (സർക്കാർ സബ്സിഡി)-1419 ലക്ഷം രൂപ
2. ഇന്നൊവേറ്റീവ് ഭവന പദ്ധതി (പൂജപ്പുര-Phase-IV-24 ഫ്ളാറ്റുകൾ)-400 ലക്ഷം രൂപ
3. സാഫല്യം ഭവന പദ്ധതി (സർക്കാർ സബ്സിഡി)-1000 ലക്ഷം രൂപ

## പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണം

214 (3875) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 2014 മാർച്ച് 31 വരെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനുവേണ്ടി ചെലവഴിച്ച തുകയുടെ വിശദാംശം നൽകുമോ ; ഓരോ സ്ഥാപനത്തിനും ചെലവഴിച്ച തുകയുടെ വിശദാംശം നൽകുമോ ;

(ബി) വ്യവസായ നവീകരണത്തിനുവേണ്ടി പ്രസ്തുത കാലയളവിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly